**കൃഷി ഡയറക്ടറുടെ നടപടി ക്രമം**
**(ഹാജർ. ആർ. അജിത്കുമാർ)**

വിഷയം : - കൃഷി എസ്റ്റാബ്ലിഷ്മെന്റ് - സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II -തസ്തികമാറ്റം മുഖേനയുള്ള നിയമനം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

സൂചന :- 1) കൃഷി ഡയറക്ടറുടെ 9/07/2014 ലെ എസ്.എച്ച് (2) 77298/07 നമ്പർ ഉത്തരവ്.
2) ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 11/07/2014 ലെ ഇ (2) 5949/14 -ാം നമ്പർ കത്ത്.

******

**ഉത്തരവ് നമ്പർ എസ്.എച്ച് (2) 77298/07 തീയതി 14/07/14**

കൃഷി വകുപ്പിലെ വിവിധ ലാബുകളിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലുണ്ടായിരുന്ന ഒഴിവുകളിൽ ഉദ്യോഗക്കയറ്റം മുഖേനയും തസ്തികമാറ്റം മുഖേനയും 8 ജീവനക്കാർക്ക് പരാമർശം (1) പ്രകാരം നിയമനം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ ക്രമ നം. 5 ലെ വാഴത്തോപ്പ് കൃഷിഭവനിലെ സീനിയർ ക്ലാർക്ക് ശ്രീമതി. എം. എസ്. ഷൈനിമോൾ എന്ന ജീവനക്കാരിയെ ഇടുക്കി ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബിൽ തസ്തികമാറ്റം മുഖേന നിയമിച്ചിരുന്നു. എന്നാൽ ഇടുക്കി ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബിൽ ഉണ്ടായിരുന്ന ഒഴിവിൽ സയന്റിഫിക് അസിസ്റ്റന്റ് ശ്രീ. കെ രവികുമാറിനെ 2014- ലെ പൊതുസ്ഥലംമാറ്റം മുഖേന നിയമിച്ചതിനാൽ ടി ഓഫീസിൽ നിലവിൽ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവില്ല എന്ന് പരാമർശം (2) പ്രകാരം ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ വാഴത്തോപ്പ് കൃഷിഭവനിലെ സീനിയർ ക്ലാർക്ക് ശ്രീമതി. എം.എസ് ഷൈനി മോളെ, കോട്ടയം ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബിലെ നിലവിലുള്ള സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം മുഖേന നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ പരാമർശിച്ച പ്രകാരം ഭേദഗതി ചെയ്ത് കൂടി ഉത്തരവാകുന്നു.

(ഒപ്പ്)
കൃഷി ഡയറക്ടർ

ടു,
ശ്രീമതി. എം.എസ്. ഷൈനിമോൾ
(പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖാന്തിരം)

**പകർപ്പ് -**

പ്രിൻസിപ്പൽ കൃഷി ഓഫീസർ, ഇടുക്കി/കോട്ടയം

അസിസ്റ്റന്റ് സോയിൽ കെമിസ്റ്റ്, ജില്ലാ സോയിൽ ടെസ്റ്റിംഗ് ലാബ് ഇടുക്കി/ കോട്ടയം

കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ഐറ്റി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / സ്പെയർ

സൂപ്രണ്ട്

G. Jayalakshmi.
Junior Supdt.

R.K/18/07/14/vk